# അഞ്ജന ശ്രീധര
# (പൂന്താനം)

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

അഞ്ജന ശ്രീധര ചാരുമൂർത്തേ കൃഷ്ണാ
അഞ്ജലി കൂപ്പി വണങ്ങിടുന്നേൻ കൃഷ്ണാ 1

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ആനന്ദാലങ്കാര വാസുദേവാ കൃഷ്ണാ
ആതങ്കമെല്ലാമകററീടണേ കൃഷ്ണാ 2

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഇന്ദിരാനാഥ  ജഗന്നിവാസാ കൃഷ്ണാ
ഇന്നെന്റെ മുമ്പിൽ വിളങ്ങീടണേ കൃഷ്ണാ 3

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഈരേഴുലകിനുമേകനാഥാ കൃഷ്ണാ
ഈരഞ്ചുദിക്കും നിറഞ്ഞരൂപാ കൃഷ്ണാ 4

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഉണ്ണിഗോപാല കമലാനേത്രാ കൃഷ്ണാ
ഉള്ളിൽ നീ വന്നു വിളങ്ങീടണേ കൃഷ്ണാ 5

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഊഴിയിൽ വന്നു പിറന്ന നാഥാ കൃഷ്ണാ
ഊനം കൂടാതെ തുണച്ചീടണേ കൃഷ്ണാ 6

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

എന്നുള്ളിലുള്ളോരു താപമെല്ലാം കൃഷ്ണാ
എന്നുണ്ണിക്കൃഷ്ണാ ശമിപ്പിക്കണേ കൃഷ്ണാ 7

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

http://www.vaikhari.org

ഏടലർബാണനു തുല്യമൂർത്തേ കൃഷ്ണാ
ഏറിയ മോദേന കൈതൊഴുന്നേൻ കൃഷ്ണാ 8

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഐഹികമാകും സുഖത്തിലഹോ കൃഷ്ണാ
ഐയ്യോ എനിക്കൊരു മോഹമില്ലേ കൃഷ്ണാ 9

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഒട്ടല്ലാ കൗതുകം അന്തരംഗേ കൃഷ്ണാ
ഓമൽ തിരുമേനിഭംഗി കാണ്മാൻ കൃഷ്ണാ 10

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഓടക്കുഴൽ വിളി മേളമോടെ കൃഷ്ണാ
ഓടിവരികെന്റെ ഗോപബാലാ കൃഷ്ണാ 11

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

ഔദാര്യ കോമള കേളിശീലാ കൃഷ്ണാ
ഔപമ്യമില്ല ഗുണങ്ങൾക്കേതും കൃഷ്ണാ 12

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

അംബുജലോചന നിൻ പാദ പങ്കജം
അമ്പോടു ഞാനിതാ കുമ്പിടുന്നേൻ കൃഷ്ണാ 13

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

അത്യന്തസുന്ദര നന്ദ സൂനോ കൃഷ്ണാ
അത്തൽ കളഞ്ഞെന്നെ പാലിക്കണേ കൃഷ്ണാ 14

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

കൃഷ്ണാ മുകിൽ വർണ്ണാ വൃഷ്ണികുലേശ്വരാ
കൃഷ്ണാ അംബുജേക്ഷണാ കൈതൊഴുന്നേൻ കൃഷ്ണാ 15

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൈതൊഴുന്നേൻ കൃഷ്ണാ

http://www.vaikhari.org